**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **12-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ആവശ്യമുള്ള റേഷൻ മണ്ണെണ്ണ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണെണ്ണ ഉൾപ്പെടെയുള്ള സംസ്ഥാന റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ വലിയ തോതിലുള്ള കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു മുൻപ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ.ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ ആദ്യ മൂന്ന് പാദങ്ങളിലും 3888 കിലോ ലിറ്റർ മണ്ണെണ്ണയാണ് ലഭ്യമായത്. |
| (ബി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ റേഷൻ വിഹിതത്തിൽ വരുത്തുന്ന കുറവ് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം അനുവദിക്കണം എന്ന ആവശ്യവുമായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5 തവണ ബഹു.സംസ്ഥാന ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തുകയുണ്ടായി. എന്നാൽ ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാ അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ഇത് ഭക്ഷ്യധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെ സംബന്ധിച്ച് വലിയ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്. |
| (സി) | മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വിലവർദ്ധനവും മത്സ്യബന്ധന, കാർഷിക മേഖലകളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയ്ക്കും, കാർഷിക മേഖലയ്ക്കും മണ്ണെണ്ണ നൽകുന്നത് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന നോൺ - സബ്സിഡി മണ്ണെണ്ണയിൽ നിന്നുമാണ്. ടി മണ്ണെണ്ണ മൊത്ത വ്യാപാര നിരക്കിലാണ് വിൽപന നടത്തുന്നത്. മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | മേഖലയ്ക്ക് പ്രതിമാസം പെർമിറ്റ് അടിസ്ഥാനത്തിൽ 10എച്ച്.പി വരെ 129 ലിറ്റർ മണ്ണെണ്ണ, 10 മുതൽ 15എച്ച്.പി വരെ 136 ലിറ്റർ മണ്ണെണ്ണ, 15എച്ച്.പിയ്ക്ക് മുകളിൽ 180 ലിറ്റർ മണ്ണെണ്ണയുമാണ് നിലവിൽ അനുവദിച്ചു നൽകുന്നത്. എന്നാൽ ഇത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധന ആവശ്യകതയ്ക്ക് പര്യാപ്തമല്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 10എച്ച്.പി വരെയുള്ള പെർമിറ്റുകൾക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും, 10 മുതൽ 15എച്ച്.പി വരെയുള്ള പെർമിറ്റുകൾക്ക് പ്രതിമാസം 600 ലിറ്റർ മണ്ണെണ്ണയും, 15എച്ച്.പി യ്ക്ക് മുകളിൽ ഉള്ള പെർമിറ്റുകൾക്ക് പ്രതിമാസം 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ഒരു മാസത്തിൽ 8398 കിലോ ലിറ്റർ മണ്ണെണ്ണയും, അപ്രകാരം ഒരു വർഷത്തിൽ 100776 കിലോ ലിറ്റർ മണ്ണെണ്ണയും ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെ ലഭ്യമായിട്ടില്ല. എന്നാൽ ഈ വർഷം ഇതു വരെ 7160 കിലോ ലിറ്റർ മണ്ണെണ്ണയാണ് നോൺ സബ്സിഡിയിനത്തിൽ ലഭ്യമായത്. |
| (ഡി) | സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ അളവിലുള്ള റേഷൻ മണ്ണെണ്ണ വിഹിതം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ റേഷൻ മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തുന്ന കുറവ് മൂലം കഴിഞ്ഞ സാമ്പത്തിക വർഷം (2021 -22) ആദ്യം മുതൽ മണ്ണെണ്ണ വിതരണം ത്രൈമാസമായി ഏകീകരിച്ചാണ് വിതരണം ക്രമീകരിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും ഒരു മാസം 1 ലിറ്റർ മണ്ണെണ്ണയും, നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് ഒരു മാസം 4 ലിറ്റർ മണ്ണെണ്ണയും അനുവദിക്കുന്നതിനായി ഒരു പാദത്തിൽ 27829 കിലോ ലിറ്റർ മണ്ണെണ്ണ പ്രകാരം ഒരു വർഷത്തിൽ 111312 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ